കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം. വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി10.10.2024
ഫോൺ : 8281098580

# ഭിന്നശേഷി സൌഹൃദ സ്കോളർഷിപ്പ് വിജ്ഞാപനം.
# (Blind PH Scholarship )

കേരളത്തിലെ ഹയർസെക്കന്ററി/വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ,സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, സംഗീത-ട്രെയിനിംഗ്, സംസ്കൃത കോളേജുകൾ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾ എന്നിവിടങ്ങളിൽ ബിരുദാനന്തര ബിരുദം വരെയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ബി.എഡ്/എം.എഡ്. എന്നിവയും പഠിക്കുന്ന ശാരീരിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷി വിദ്യാർത്ഥികളിൽ നിന്നും വരുമാന പരിധി ഇല്ലാതെ **2024-25 അദ്ധ്യായന വർഷത്തെ ഫീസ്, ബോർഡിംഗ് ഗ്രാന്റ് സൌജന്യ ഹോസ്റ്റൽ താമസം എന്നീ ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷ മാമ്പലായി ക്ഷണിക്കുന്നു.**

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ് സൈറ്റായ www.dcescholarship.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷഫോം ഡൌൺലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓരോ വർഷവും പുതിയ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.( സ്കോളർഷിപ്പ് പുതുക്കൽ ഇല്ല)

**<u>അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതികൾ.</u>**

(എ) പൂരിപ്പിച്ച അപേക്ഷഫോമും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **31.10.2024.**

(ബി ) സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധന നടത്തി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി **08.11.2024.**

**(സി)** അപേക്ഷകൾ, അനുബന്ധ രേഖകൾ പരിശോധന നടത്തി വെരിഫിക്കേഷൻ / അപ്രൂവൽ ചെയ്ത് കോളേജ് വിദ്യാഭ്യാസ ഡയറക്ടേറ്റിലെ സ്കോളർഷിപ്പ് വിഭാഗത്തിൽ സമർപ്പിക്കേണ്ട അവസാന തീയതി **15.11.2024.**

**<u>ധനസഹായത്തിന്റെ വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്</u>**

1. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യം.
2. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ അംഗീകരിച്ച അപെൻഡിക്സ് 2 പ്രകാരമുള്ള ഇൻമേറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ ചാർജ്. ( തുക നിജപ്പെടുത്തിയിരിക്കുന്നു)
3. ഹോസ്റ്റൽ ചാർജിനു അർഹതയില്ലാത്ത ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് ബോർഡിങ് ഗ്രാന്റ് ആയി പ്രതിമാസം 400/- രൂപ പ്രകാരം ഒരു വർഷത്തേക്ക് 4000/- രൂപ.

**<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>**

1. എസ്. എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. മെഡിക്കൽ സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അവസാനത്തെ യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. ഹോസ്റ്റൽ വാർഡന്റെ ഇൻമേറ്റ് സർട്ടിഫിക്കറ്റ്. ( ഹോസ്റ്റൽ ചാർജ് ന് മാത്രം)

**<u>ബന്ധപ്പെട്ട വിവരങ്ങൾ</u>**

1. ഒരിക്കൽ അനുവദിക്കപ്പെട്ട ഫീസ് ആനുകൂല്യമോ, ഹോസ്റ്റൽ ആനുകൂല്യമോ പിന്നീട് പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരികയാണെങ്കിൽ വീണ്ടും പുതുക്കി നൽകുന്നതല്ല.
2. സർക്കാർ കോളേജുകൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും ഓരോ വിദ്യാർത്ഥിയുടേയും ചിലവായ തുക സംബന്ധിച്ചുള്ള കണക്കുകൾ ( ബില്ലുകൾ വൌച്ചറുകൾ അടക്കം )ഈ കാര്യാലയത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് മുൻപ് തന്നെ സമർപ്പിക്കേണ്ടതാണ്.

3. ഹോസ്റ്റൽ ചാർജ് മുൻകൂറായി നൽകുകയില്ല. വിദ്യാർത്ഥി വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശിച്ച തീയതി മുതൽ അക്കാദമിക്ക് വർഷത്തിന്റെ ഡിസംബർ മാസം വരെയുള്ള തുക ഒന്നാം ഘട്ടമായും ജനുവരി മുതൽ മാർച്ച് വരെയുള്ളത് രണ്ടാം ഘട്ടമായും അനുവദിക്കുന്നു. പഠിക്കുന്ന സ്ഥാപനം മുഖേന ഹോസ്റ്റൽ ചാർജ് ആവശ്യപ്പെടേണ്ടതാണ്
4. ഹോസ്റ്റൽ ചാർജ് ലഭിക്കുന്നതിനായി ഹോസ്റ്റൽ വാർഡൻ ഓരോ വിദ്യാർത്ഥിയുടേയും ഇൻമേറ്റ് സർട്ടഫിക്കറ്റും ഹോസ്റ്റൽ ഫീസും (appendix 1 & 2) സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്.
5. ഏപ്രിൽ / മെയ് മാസങ്ങളിൽ ഹോസ്റ്റൽ ചാർജ് ക്ലെയിം ചെയ്യുകയാണെങ്കിൽ ( വേനലവധി കാലമായതിനാൽ ) അതിനുള്ള കാരണം രണ്ടാം ഗഡുവിനായി വിവരങ്ങൾ നൽകുമ്പോൾ സ്ഥാപനമേധാവി/പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവി വ്യക്തമാക്കണം.
6. ഈ പദ്ധതി പ്രകാരം ഫീസ് ആനുകൂല്യം/ബോർഡിങ് ഗ്രാന്റ് / ഹോസ്റ്റൽ ചാർജ് ലഭിക്കുന്നവർ G.O(P) No.19/78/H.Edn Dtd 30.01.1978 (rule 5d ) അനുസരിച്ച് മറ്റ് ഫീസാനുകൂല്യം. സ്കോളർഷിപ്പ്. ഇ-ഗ്രാന്റ്,സ്റ്റൈപ്പന്റ് ആനുകൂല്യങ്ങൾ കൈപ്പറ്റാൻ പാടുള്ളതല്ല. (സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ റീഡേഴ്സ് അലവൻസും ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. )
7. തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് ഇ - ട്രാൻസ്ഫർ ചെയ്യുന്നത്.
8. ഹോസ്റ്റൽ ചാർജ് അനുവദിക്കുന്ന സ്ഥാപനങ്ങൾ കുട്ടികളുടെ ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് തുക ചിലവഴിക്കാൻ പാടുള്ളതല്ല.

<u>അപേക്ഷിക്കേണ്ട രീതി.</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് **സൈറ്റായ** **www.dcescholarship.kerala.gov.in** എന്ന സൈറ്റിൽ കയറി ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് വിജ്ഞാപനത്തിനൊപ്പം നൽകിയിരിക്കുന്ന അപേക്ഷ ഫോം ഡൌൺലോഡ് ചെയത് പൂരിപ്പിക്കേണ്ടതും അനുബന്ധ രേഖകൾ സഹിതം നിശ്ചിത സമയത്തിനുള്ളിൽ (31.10.2024) സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതുമാണ്.

<u>സ്ഥാപനമേധാവികളുടെ പ്രത്യേക ശ്രദ്ധക്ക്</u>

1. അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങൾ താഴേ നൽകിയിരിക്കുന്ന ഗൂഗിൾ ഫോമിൽ ഓരോ വിഭാഗത്തിലും ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകി 08.11.2024 ന് മുമ്പായി അപ്ഡേറ്റ് ചെയ്യേണ്ടതാണ് .വിദ്യാർത്ഥികൾ സമർപ്പിക്കുന്ന മാന്വൽ അപേക്ഷയുടേയും അനുബന്ധരേഖകളുടേയും ഒർജിനൽ വെരിഫിക്കേഷൻ/ അപ്രൂവൽ നടത്തി ഈ കാര്യാലയത്തിലെ സ്കോളർഷിപ്പ് വിഭാഗത്തിൽ 15.11.2024 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. വെരിഫിക്കേഷൻ/അപ്രൂവൽ നടത്താതെയും സ്ഥാപന മേധാവികൾ മേലൊപ്പ് ചാർത്താതെയും അയക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല,

(1) Fee concession 2024-25: https://forms.gle/mBAh5qZB5dxeNMTZ8
(2) Day scholar : https://forms.gle/7zsHtBSfSqf3iHbi8
(3) Hostler 2024-25 : https://forms.gle/E9PGbKZdJtzx7xjL6

collegiateedu.kerala.gov.in എന്ന സൈറ്റിൽ സ്കോളർഷിപ്പ് മെനുവിൽ അപേക്ഷ ഫോമും ഗൂഗിൾ ഫോമും ലഭ്യമാണ്.

2 സൂക്ഷ്മ പരിശോധന നടത്തികഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി / പ്രിൻസിപ്പാൾ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവി എല്ലാ രേഖകളുടേയും നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്തി നിശ്ചിത സമയത്തിനുള്ളിൽ അംഗീകരിച്ചിരിക്കണം. അല്ലാത്ത പക്ഷം ഉണ്ടാകുന്ന ബാധ്യതകൾ സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തമായിരിക്കും.

3. വിദ്യാർത്ഥികൾ ക്ലാസിൽ പ്രവേശിച്ച തീയതി. ഹോസ്റ്റൽ പ്രവേശനം നേടിയ തീയതി എന്നിവ അപേക്ഷയുടെ (വെരിഫിക്കേഷൻ) പരിശോധന നടത്തുമ്പോൾ സ്ഥാപനമേധാവി / പ്രിൻസിപ്പാൾ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ മേധാവി വ്യക്തമാക്കിയിരിക്കണം.

4. ഹോസ്റ്റൽ ചാർജ് സ്റ്റേറ്റ്മെന്റ് ഹോസ്റ്റൽ വാർഡനിൽ നിന്ന് appendix 1 ലഭ്യമാക്കി സ്ഥാപനത്തിൽ നിന്ന് വെരിഫിക്കേഷൻ / അപ്രൂവൽ രണ്ടു ഘട്ടങ്ങളിലായി നടത്താവുന്നതാണ്. ഒന്നാം ഘട്ടം ഈ നോട്ടിഫിക്കേഷൻ സമയത്തും രണ്ടാം ഘട്ടം മാർച്ച് എപ്രിലിൽ വീണ്ടും അപേക്ഷ ക്ഷണിക്കുമ്പോഴും.

(5) സ്ഥാപന മേധാവികൾ ഹോസ്റ്റൽ വാർഡൻ നൽകുന്ന സ്റ്റേറ്റ്മെന്റിന്റെ (appendix) അടിസ്ഥാനത്തിൽ ഹോസ്റ്റൽ ഫീസിന് അർഹരായ മൊത്തം വിദ്യാർത്ഥികളുടേയും വിവരങ്ങൾ രേഖപെടുത്തിയ പട്ടിക (appendix 2 നിശ്ചിത ഗൂഗിൾ ഫോമിൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തോടുകൂടി blindphscholarship@gmail.com ഇ–മെയിലിൽ നിശ്ചിത തീയതിക്കകം അയക്കേണ്ടതാണ്.

(6) *സ്ഥാപനത്തിന്റെ ബാങ്ക് അകൌണ്ട് നമ്പർ, ബ്രാഞ്ച്. ഐ.എഫ്.എസ്.സി.കോഡ്, ഇ–മെയിൽ ഐ.ഡി. എന്നിവ പരിശോധിച്ച് തുക സ്വീകരിക്കുന്നതിന് തടസ്സങ്ങളില്ലെന്നും അക്കൌണ്ട് നിലവിൽ പ്രവർത്തനത്തിലുണ്ടെന്നും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.* തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതിനാൽ ട്രാൻസ്ഫർ സ്റ്റാറ്റസ് ഉറപ്പ് വരുത്തി വിദ്യാർത്ഥികൾക്ക് വാർഡന് തുക നൽകി രസീത് സൂക്ഷിക്കേണ്ടതാണ്.

(7) അംഗീകരിച്ച അപേക്ഷകൾ( വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന അനുബന്ധ രേഖകളും ഹോസ്റ്റൽ ഫീസ് സ്റ്റേറ്റ്മെന്റ് ( appendix 1&2 ) അപേക്ഷയുടെ ഒരു പകർപ്പ് അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 8281098580 എന്ന നമ്പറിൽ ബന്ധപ്പെടുക.

**അപേക്ഷകൾ സമയ ബന്ധിതമായി വെരിഫിക്കേഷൻ/അപ്രൂവൽ ചെയ്ത് സ്കോളർഷിപ്പ് വിഭാഗത്തിൽ ഹാജരാക്കാത്തതു മൂലം അർഹതയുള്ളവർക്ക് സ്കോളർഷിപ്പ് ലഭിക്കാതെ വന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്ഥാപന മേധാവികൾക്ക് മാത്രമായിരിക്കും.**

ഒപ്പ് /–

മണി.റ്റി
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്.